LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രസ്തുത ജീവനക്കാരുടെ ശമ്പളം G.O.(P) 87/2011/Fin dated 28-2-2011, G.O.(P) No. 316/2012/Fin dated 1-6-2012, G.O.(P) No. 48/2013/Fin. Dated 23-1-2013 എന്നീ ഉത്തരവുകൾ അനുസരിച്ചാണ് ക്രമീകരിക്കേണ്ടത്. (അനുബന്ധം)*

(ബി&സി) അക്കൗണ്ടന്റ് ജനറൽ ഗസറ്റഡ് തസ്തികയിൽ റീ-എംപ്ലോയ് ചെയ്യപ്പെട്ടവരുടെ re-employment salary ക്രമപ്പെടുത്തി നൽകാറുണ്ട്.

(ഡി) അക്കൗണ്ടന്റ് ജനറൽ G.O.(P) No. 87/2011/Fin dated 28-2-2011-ൽ കൂടുതൽ സ്പഷ്ടീകരണം ആവശ്യപ്പെട്ടതിനെ തുടർന്ന് G.O. (P) No. 316/2012/Fin dated 1-6-2012 പുറപ്പെടുവിച്ചു. എന്നാൽ ഇപ്രകാരം ക്രമീകരിക്കുമ്പോൾ പ്രസ്തുത ജീവനക്കാർ വിരമിച്ച തസ്തികയുടെ പരിഷ്കരിച്ച സ്കെയിലിന്റെ മിനിമം ഉറപ്പാക്കുന്നതിനായി G.O.(P) No. 48/2013/Fin dated 23-1-2013 പുറപ്പെടുവിച്ചു.

(ഇ-ജി) ഇപ്രകാരം സാമ്പത്തിക നഷ്ടം ഉണ്ടാകാതിരിക്കുന്നതിനാണ് G.O. (P) No. 316/2012/Fin dated 1-6-2012 പുറപ്പെടുവിച്ചിട്ടുള്ളത്.

(എച്ച് & ഐ) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

ശമ്പളപരിഷ്കരണത്തിലെ അപാകതകൾ

123 (7959) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശമ്പളപരിഷ്കരണത്തിൽ ഉണ്ടായ അനോമലികൾ പരിഹരിക്കുന്നതിന് പൊതുവായ മാനദണ്ഡങ്ങളും, മാർഗ്ഗനിർദ്ദേശങ്ങളും എന്തൊക്കെയാണ്; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

ശമ്പള പരിഷ്കരണത്തിലുണ്ടായ അനോമലികൾ പരിഹരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് പ്രത്യേകിച്ച് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. ഒൻപതാം ശമ്പള പരിഷ്കരണത്തിലുണ്ടായ അനോമലികൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങൾ സമർപ്പിക്കുന്നത് സംബന്ധിച്ച് 26-5-2011-ലെ സർക്കുലർ നമ്പർ 29/2011/ധന പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം)*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.